**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3407** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് വഴി എത്ര പേർക്ക് വീട് വെച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 351 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചതും പുരോഗമിക്കുന്നതുമായ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭവന നിർമ്മാണ ബോർഡ് ആരംഭിച്ചതും ഇനിയും പൂർത്തീകരിച്ച് വില്പന നടത്താവുന്നതുമായ ഭവനങ്ങൾ എത്രയുണ്ടെന്ന് വിശദമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ബി) | ഭവന നിർമ്മാണ ബോർഡിൽ വിവിധ ജില്ലകളിലായി ഇതിനകം നടപ്പിലാക്കിയിട്ടുള്ള ഭവന പദ്ധതികളിലായി 75 വീടുകൾ / ഫ്ലാറ്റുകൾ നിലവിൽ വില്പനയ്ക്കായി ഒഴിവുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം. | ജില്ല | നിർമ്മാണം പൂർത്തീകരിച്ചത് | വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 18 | 34 |
| 2 | കൊല്ലം | 7 | 9 |
| 3 | ആലപ്പുഴ | 15 | 25 |
| 4 | പത്തനംതിട്ട | 6 | 32 |
| 5 | കോട്ടയം | 25 | 42 |
| 6 | ഇടുക്കി | 6 | 17 |
| 7 | എറണാകുളം | 11 | 17 |
| 8 | പാലക്കാട് | 67 | 159 |
| 9 | തൃശ്ശൂർ | 44 | 44 |
| 10 | മലപ്പുറം | 91 | 235 |
| 11 | കോഴിക്കോട് | 25 | 55 |
| 12 | വയനാട് | 7 | 15 |
| 13 | കണ്ണൂർ | 16 | 23 |
| 14 | കാസർഗോഡ് | 13 | 25 |
| | **ആകെ** | **351** | **732** |

## അനുബന്ധം-2

| ക്രമ നം. | ജില്ല | ഒഴിവുള്ള വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 54 |
| 2 | കൊല്ലം | 2 |
| 3 | ആലപ്പുഴ | 1 |
| 4 | പത്തനംതിട്ട | 0 |
| 5 | കോട്ടയം | 2 |
| 6 | ഇടുക്കി | 0 |
| 7 | എറണാകുളം | 2 |
| 8 | പാലക്കാട് | 3 |
| 9 | തൃശ്ശൂർ | 0 |
| 10 | മലപ്പുറം | 0 |
| 11 | കോഴിക്കോട് | 0 |
| 12 | വയനാട് | 11 |
| 13 | കണ്ണൂർ | 0 |
| 14 | കാസർഗോഡ് | 0 |
| | **ആകെ** | **75** |